"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അംഗീകൃത ആലുവ മാസ്റ്റർപ്ലാനിന്റെ കരട് വ്യതിയാനത്തിന് പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.125/2026/LSGD തീയതി,തിരുവനന്തപുരം, 11-09-2026

---

പരാമർശം:-

1. G.O.(Ms) No.16/2022/LSGD, തീയതി 02/02/2022
2. G.O.(Ms) No. 122/2024/LSGD തീയതി 24/9/2024
3. 30/10/2024 തീയതിയിലെ കൗൺസിൽ യോഗത്തിലെ 8/1-ാം നമ്പർ തീരുമാനം.

4 13/6/2025 ലെ ഔദ്യോഗിക ഗസറ്റ്, വാല്യം 14, നമ്പർ 2186.

5 25/8/2025 തീയതിയിലെ കൗൺസിൽ യോഗത്തിലെ 25-ാം നമ്പർ തീരുമാനം.

6 ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) ന്റെ 8.4.2026 ലെ LSGD/PD/17923/2023-TCPB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലുവ നഗരത്തിനായുള്ള മാസ്റ്റർ പ്ലാനിന് പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിരുന്നു. മാസ്റ്റർ പ്ലാൻ അന്തിമമാക്കുന്ന വേളയിൽ സമയപരിധി കഴിഞ്ഞു ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും അന്ന് പരിഗണിക്കാൻ നിർവ്വാഹമില്ലായിരുന്നു എന്ന സാഹചര്യം പരിഗണിച്ചും അംഗീകാരം ലഭിച്ച ശേഷം മാസ്റ്റർ പ്ലാനിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചില ബുദ്ധിമുട്ടുകൾ നഗരസഭ അഭിമുഖീകരിക്കേണ്ടി വന്നതിനാലും മാസ്റ്റർ പ്ലാൻ പുനരവലോകനം ചെയ്യുന്നതിനായി, പുനവരലോകന കമ്മിറ്റി രൂപീകരിച്ച് ടി മാസ്റ്റർ പ്ലാനിന് ഭേദഗതി വരുത്തുവാൻ നഗരസഭയ്ക്ക് പരാമർശം 2 സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് പരാമർശം 3 പ്രകാരം മാസ്റ്റർ പ്ലാൻ അവലോകന കമ്മിറ്റി എന്ന പേരിൽ ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുകയും, പൊതുജനങ്ങളുടെ അറിവിലേക്കായി ഫാറം II

പരാമർശം 4 പ്രകാരം ഔദ്യോഗിക ഗസറ്റിലും, നഗരസഭാ പ്രദേശത്ത് പ്രചുര പ്രചാരമുള്ള രണ്ടു വർത്തമാന പത്രത്തിലും, നഗരസഭയുടെ നോട്ടീസ് ബോർഡ്, ഔദ്യോഗിക വെബ്സൈറ്റ് എന്നിവയിലും വിജ്ഞാപനം ചെയ്യുകയും ചെയ്തിരുന്നു.

2. സ്പെഷ്യൽ കമ്മിറ്റി സമർപ്പിച്ചിട്ടുള്ള കരട് വ്യതിയാനം സൂചന 5 കൗൺസിൽ തീരുമാന പ്രകാരം അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിലേക്ക് അയക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകൃത മാസ്റ്റർ പ്ലാനിൽ നിന്നും ചുവടെ പറയുന്ന മാറ്റങ്ങളാണ് കരട് വ്യതിയാനത്തിൽ വരുത്തുന്നതിന് കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളത്.

1. മുനിസിപ്പൽ കൗൺസിലിന്റെ നിർദ്ദേശപ്രകാരം സ്പെഷ്യൽ കമ്മിറ്റി സ്ഥല പരിശോധന നടത്തി റോഡ് വീതികൾ പരിഷ്കരിച്ചിട്ടുണ്ട്. Dry Cultivation Zone സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ പൂർണമായി മാറ്റിയിട്ടുണ്ട്.
2. മാസ്റ്റർ പ്ലാനിന്റെ സോണിംഗ് റെഗുലേഷനിൽ റിസ്ക് വിവരങ്ങൾ ഉൾപ്പെടുത്തി ഒരു റിസ്ക് മാപ്പ് കൂടി ചേർത്ത് പരിഷ്കരിച്ചിട്ടുണ്ട്.
3. അംഗീകൃത മാസ്റ്റർ പ്ലാനിന്റെ നിർദിഷ്ട ഭൂവിനിയോഗമാപ്പിലും, മേഖലാ നിയന്ത്രണ ചട്ടങ്ങളിലും ആവശ്യമുള്ള ഭേദഗതികൾ പരിശോധിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്.
4. മുനിസിപ്പൽ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികളായ കൊട്ടാരകടവ് വിസിനിറ്റി ഏരിയ ആലുവ, വിസിനിറ്റി കൺട്രോൾ സ്കീം ഫോർ ആലുവ ഹൗസിംഗ് പ്രൊജക്റ്റ്, തോട്ടക്കാട്ടുകര ഏരിയ-ആലുവ എന്നിവ മാസ്റ്റർ പ്ലാൻ വ്യതിയാനത്തിലൂടെ റദ്ദാക്കുന്നതിന് തീരുമാനിച്ചു.

3. അംഗീകൃത ആലുവ മാസ്റ്റർപ്ലാനിന്റെ കരട് വ്യതിയാനം, ആയത് അംഗീകരിക്കുവാനുള്ള കൗൺസിലിന്റെ പരാമർശം (5) പ്രകാരമുള്ള ശിപാർശ, എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ ശിപാർശ എന്നിവ പരിഗണിച്ച്, കേരള നഗര-ഗ്രാമാസൂത്രണ നിയമം 2016, വകുപ്പ് 36(3), കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങൾ 2021-ലെ ചട്ടം 16(8), എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകുന്നതിന് ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് ) പരാമർശം 6 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതോടൊപ്പം ചേർത്തിട്ടുള്ള അംഗീകൃത ആലുവ മാസ്റ്റർപ്ലാനിന്റെ കരട് വ്യതിയാനത്തിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ നിയമത്തിലെ വകുപ്പ് 36(3), 2021-ലെ കേരള നഗര ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി

നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി), തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, എറണാകുളം.
സെക്രട്ടറി, ആലുവ നഗരസഭ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Digitally signed by
Krishnakumar S
Date: 11-09-2026
15:50:51
സെക്ഷൻ ഓഫീസർ







**Legend**

- Town Boundary
- Ward Boundary
- Block Boundary
- Survey Boundary
- Nearby LSGIs Boundary
- Junctions
- Aluva MetroStation
- Metro Station Area
- Outer ring roads
- Metro Rail
- Railway
- Bridge
- Hanging Bridge
- Existing 45 m (NH 544)
- Existing 45 m (NH 544 - Flyover)
- Other Road Network

**Hazard Layer**

- Low
- Medium
- High

**Landuse**

- Traffic and Transportation Zone
- Water Body Zone

Scale=1:5,000

0 90 180 360 540 720 Meters

# ALUVA MUNICIPALITY

SECRETARY CHAIRMAN

LOCAL SELF GOVERNMENT DEPARTMENT PLANNING
ERNAKULAM

TOWN PLANNING SURVEYOR/ DRAFTSMAN

ASSISTANT TOWN PLANNER

DEPUTY TOWN PLANNER

TOWN PLANNER SENIOR TOWN PLANNER

LOCAL SELF GOVERNMENT DEPARTMENT PLANNING
GOVERNMENT OF KERALA

ASSISTANT TOWN PLANNER

DEPUTY TOWN PLANNER

TOWN PLANNER

SENIOR TOWN PLANNER CHIEF TOWN PLANNER (PLANNING)

LOCAL SELF GOVERNMENT DEPARTMENT
GOVERNMENT OF KERALA

ANUPAMA T.V. IAS
PEN: 689581
Secretary
Local Self Government Department
Government Secretariat

SECRETARY TO GOVERNMENT

# MASTER PLAN FOR ALUVA TOWN
# HAZARD MAP-2031(MP/02/II (Variation))